**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3245** — **07.11.2019-ൽ മറുപടിക്ക്**

**മത്സ്യത്തൊഴിലാളികളുടെ സമഗ്രവികസനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. ജോയി**<br>**,, വി. അബ്ദുറഹിമാൻ**<br>**,, വി. കെ. സി. മമ്മത് കോയ**<br>**,, എൻ. വിജയൻ പിള്ള :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സമഗ്രവികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണ് ; | (എ) | മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനത്തിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br>2. തീരപ്രദേശത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.<br>3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.<br>4. വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ.<br>5. മത്സ്യത്തൊഴിലാളി /അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി.<br>6. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.<br>7. മത്സ്യഫെഡ് വഴിയുള്ള പലിശരഹിത വായ്പ്പ പദ്ധതി<br>8. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി<br>9. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി<br>10. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതികൾ<br>11. RIDF കിഫ്ബി പദ്ധതികളിലുൾപ്പെടുത്തി തീരദേശ ആശുപത്രികൾ, ഫിഷറീസ് സ്കൂളുകൾ, അംഗനവാടികൾ, ലൈബ്രറി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ<br>12. ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണം. |
| (ബി) | ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികളെ സാമ്പത്തികമായി സഹായിക്കു ന്നതിന് സമാശ്വാസപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (ബി) & (സി) | പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായം കൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴി ലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നത് ; | | |

| | | | |
|---|---|---|---|
| | | | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായം അനുവദിക്കുന്നു. 1500/- രൂപയിൽ കുറഞ്ഞ ഗുണഭോക്തൃ വിഹിതം ഒടുക്കുന്നവർക്ക് ആനുപാതികമായ കേന്ദ്ര വിഹിതവും സംസ്ഥാനവിഹിതവും മാത്രമേ അനുവദിക്കുകയുള്ളൂ. |
| (ഡി) | പ്രസ്തുത പദ്ധതിയിലേയ്ക്ക് കേന്ദ്ര സർക്കാർ രണ്ടു വർഷമായി വിഹിതം അനുവദിക്കാതെ കുടിശിക വരുത്തിയിട്ടുള്ളത് സഹായ വിതരണത്തെ ബാധിക്കാതിരിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ഡി) | സഹായ വിതരണത്തെ ബാധിക്കാതിരിക്കാൻ കേന്ദ്ര വിഹിതമായി ലഭിക്കാനുള്ള തുക കൂടി സംസ്ഥാന സർക്കാർ നൽകുകയും ഇത് ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ നാലുവർഷമായി കേന്ദ്ര സർക്കാർ അനുവദിക്കേണ്ട 93 കോടിരൂപയിൽ 2018-19 സാമ്പത്തിക വർഷം ലഭിക്കാനുള്ള കേന്ദ്ര വിഹിതത്തിൽ 19.14 കോടി രൂപ മാത്രം 2019-20 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |
| (ഇ) | എത്ര കോടി രൂപയാണ് ഈ ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ളതെന്നും ഈ തുക അടിയന്തരമായി അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും അറിയിക്കാമോ ? | (ഇ) | 73.90 കോടി രൂപയാണ് സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കേന്ദ്ര വിഹിതമായി ഇനി ലഭിക്കാനുള്ളത്. ഇത് അടിയന്തിരമായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**